പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1330 | 30.09.2011-ൽ മറുപടിക്ക് |
|---|---|
| | |

## വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്ന കേരളീയരുടെ യാത്രാ ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ.ടി.ജലീൽ | കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| (എ) | വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്ന കേരളീയരുടെ യാത്രാ ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | പ്രവാസി മലയാളികളിൽ നിന്നു ലഭിക്കുന്ന പരാതികൾ ഏറെയും മുഖ്യമായും എയർ ഇന്ത്യ ഉൾപ്പെടെ വിവിധ വിമാന കമ്പനികൾ മുന്നറിയിപ്പില്ലാതെ ഫ്ലൈറ്റ് റദ്ദാക്കുന്നതും കൂടാതെ അവശ്യ യാത്ര നടത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ അമിത ചാർജ്ജ് ഈടാക്കുന്നതിനെയും കുറിച്ചാണ്. ഇക്കാര്യങ്ങൾ പലപ്രാവശ്യം MOIA, DGCA, MD Air India എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരികയും വലിയൊരളവു വരെ പ്രശ്നപരിഹാരം സാധ്യമാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) | യാത്രാബാഗുകളിലും ലഗേജുകളിലുമുള്ള വിലപിടിപ്പുള്ള വസ്തുക്കൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) | ഈ വിഷയത്തിൽ പ്രധാനമായും ലഭിക്കുന്ന പരാതികൾ വിദേശത്തു നിന്നും കൊണ്ടുവരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ ഉൾപ്പെടുന്ന ബാഗേജ് ലഭിക്കുന്നതിനുള്ള അതീവ കാലതാമസത്തെക്കുറിച്ചും അശ്രദ്ധമായും അലക്ഷ്യമായും കൈകാര്യം ചെയ്യുന്നതുമൂലം അവയ്ക്കുണ്ടാകുന്ന കേടുപാടുകളെക്കുറിച്ചുമാണ്. സർക്കാരിന്റെ നിരന്തര സമ്മർദ്ദംമൂലം കൊച്ചി, കോഴിക്കോട് എയർ പോർട്ടുകളിൽ അഡീഷണൽ കൺവെയർ ബെൽറ്റ് സ്ഥാപിച്ചിട്ടുണ്ട്. ലഗേജുകളും ബാഗേജുകളും ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മാർക്ക് നിർദ്ദേശം നൽകാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ